ഉത്തരം

(എ) സംസ്ഥാനത്ത് വയനാട് ജില്ലയിലെ അഞ്ചു കാപ്പിത്തോട്ടങ്ങൾ പൂട്ടിയിട്ടതുമൂലം 434 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.

(ബി) തേയിലത്തോട്ടങ്ങൾ പൂട്ടിയതുമൂലം ഏകദേശം 14360 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത തൊഴിലാളികൾക്ക് 2002 ഒക്ടോബർ മാസം മുതൽ സൗജന്യ റേഷൻ നൽകിവരുന്നു. ഓണക്കാലത്ത് ഓരോ തൊഴിലാളിക്കും 500 രൂപ സഹായധനം നൽകിയിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾക്ക് പുറമേ ടെക്സ്റ്റ് ബുക്കുകളും നോട്ടു ബുക്കുകളും രണ്ടു സെറ്റ് യൂണിഫോമും സ്കൂൾ ബാഗും നൽകി. ഇവയ്ക്കെല്ലാം പുറമേ തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സിനുള്ള ഫീസ് സർക്കാർ വഹിക്കുന്ന കാര്യം പരിഗണനയിലാണ്.

തൊഴിലാളികൾക്ക് മെഡിക്കൽ സഹായവും സൗജന്യമായി മരുന്നു വിതരണവും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. പീരുമേട് മേഖലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മൊബൈൽ മെഡിക്കൽ വാൻ പ്രവർത്തിച്ചുവരുന്നു. സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെട്ട സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ട പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് തൊഴിലാളികൾക്ക് അടിയന്തിര സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപാധികളില്ലാതെ അഞ്ചുകോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഡെലിഗേഷൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം നൽകുകയുണ്ടായി

മലങ്കര, കാളിയാർ എസ്റ്റേറ്റുകളിലെ തൊഴിലാളികളും ശമ്പളവും

76 [3084] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന മലങ്കര, കാളിയാർ എസ്റ്റേറ്റുകളിൽ എത്ര തൊഴിലാളികൾ വീതമാണ് ഉള്ളത്;

(ബി) ഈ പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ശമ്പളം എത്ര വീതമാണ്;

(സി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന മലങ്കര എസ്റ്റേറ്റിൽ 286 സ്ഥിരം തൊഴിലാളികളും കാളിയാർ എസ്റ്റേറ്റിൽ 338 സ്ഥിരം തൊഴിലാളികളുമാണുള്ളത്.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.†

(സി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകമായി പരാതി ഉണ്ടാകുന്ന പക്ഷം അനുരഞ്ജന ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കുന്നതാണ്.

തോട്ടം വ്യവസായത്തിലെ കുറഞ്ഞ കൂലിയും പൂട്ടിയിടാത്ത തേയില തോട്ടങ്ങളും

77 [ശ്രീ] ശ്രീ. എം. മുരളി:

" എം. എ. ചന്ദ്രശേഖരൻ:

" ഡൊമിനിക് പ്രസന്റേഷൻ:

" എ. സുജനപാൽ:

പ്രൊഫ. എം. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം വ്യവസായത്തിൽ ചുരുങ്ങിയ കൂലി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിലും എത്രയാണ്;

(സി) ഇപ്പോൾ പൂട്ടിയിടാത്ത എത്ര തേയില തോട്ടങ്ങളുണ്ട്;

(ഡി) ഇവ ഏതെല്ലാമാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഇ) ഈ തോട്ടങ്ങളിൽ തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ തോട്ടം മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ എന്തെങ്കിലും കരാറുണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly